മാർഗനൈസേഷനുമായി ബന്ധപ്പെട്ട് ഈ കുട്ടികളുടെ ചികിത്സാ കാര്യത്തിൽ എന്തെങ്കിലും സ്കീം ഉണ്ടാക്കാൻ വേണ്ട നിർദ്ദേശവും കൊടുക്കുന്നതാണ്.

(3) ലോട്ടറി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എം. വി. ജയരാജൻ: സർ, ആദിവാസികൾ, യാചകർ എന്നിവർ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്ന വിഭാഗമാണ് ലോട്ടറി തൊഴിലാളികൾ. സർക്കാർ ലോട്ടറി നിരോധിച്ചപ്പോൾ ഇവർ സമൂഹമനസ്സാക്ഷിയുടെ ഒരു ചോദ്യചിഹ്നമായിരുന്നു. ഈ ലോട്ടറി തൊഴിലാളികൾ. മറ്റൊരു തൊഴിലും ചെയ്യാൻ കഴിയാത്തവരാണ്. ഇതിൽ വികലാംഗരുണ്ട്, വിധവകളുണ്ട്, അതുപോലെ തന്നെ നിരാലംബരുമാണ്. ഇവർ ലോട്ടറി വിൽപ്പനയിൽനിന്നും കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടുമാത്രമാണ് ജീവിക്കുന്നത്. പുതിയതായി ഏജൻസി എടുക്കാനോ പുതുക്കാനോ സാമ്പത്തിക ഭദ്രതയില്ലാത്തവരാണ് ഭൂരിപക്ഷവും. അത്തരത്തിലുള്ള മൂന്ന് ലക്ഷത്തോളം വരുന്ന പട്ടിണി പാവങ്ങളുടെ പ്രശ്നങ്ങൾ ഈ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അവരെ സംരക്ഷിക്കാൻ ഫലപ്രദമായ പദ്ധതി ആവിഷ്ക്കരിച്ചില്ലെങ്കിൽ കുറേപേർ ആത്മഹത്യ ചെയ്യും. കേരളത്തിലെ മൊത്തം ലോട്ടറി ടിക്കറ്റിന്റെ 80 ശതമാനവും സർക്കാരിൽനിന്നും വാങ്ങി സാമ്രാജ്യം പടുത്തുയർത്തുന്നത് ഒന്നോ രണ്ടോ ലോട്ടറി രാജാക്കൻമാരാണ്. മൂന്നു ലക്ഷത്തോളം വരുന്ന, ലോട്ടറി വിൽപ്പന നടത്തുന്ന മുഴുവൻ ആളുകളേയും രജിസ്റ്റർ ചെയ്യുകയും അവർക്കുകൂടി തിരിച്ചറിയൽ കാർഡ് നൽകുകയും വേണം. അവരെകൂടി ക്ഷേമനിധിയിൽ ഉൾപ്പെടുത്തണം. ക്ഷേമ പദ്ധതിയിൽ ചേർന്നവർ ഇപ്പോൾ ആകെ നാലായിരം മാത്രമാണ്. ഇപ്പോഴത്തെ ക്ഷേമപദ്ധതി ഒരു ആകർഷകത്വമില്ലാത്തതാണ്. ഒരാൾ മരണപ്പെട്ടാൽ ആയിരം രൂപ മാത്രമാണ് നൽകുന്നത്. അതുകൊണ്ടുതന്നെ ഭൂരിഭാഗം ആളുകളും വരിസംഖ്യ കൃത്യമായി അടയ്ക്കുന്നില്ല. അവർക്ക് വരിസംഖ്യ അടയ്ക്കാനുള്ള ശേഷിപോലുമില്ല. അതുകൊണ്ട് മുഴുവൻ ആളുകളേയും ഈ 'ക്ഷേമനിധി പദ്ധതിയുടെ കീഴിൽ കൊണ്ടുവന്ന് വിദ്യാഭ്യാസം, ചികിത്സ, വിവാഹം എന്നീ കാര്യങ്ങൾക്ക് ധനസഹായം നൽകണം. വാഹന വായ്പ, ഭവന വായ്പ, പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കണം. മുഴുവൻ ലോട്ടറി തൊഴിലാളികളേയും ഇൻഷ്വർ ചെയ്യണം. നിരോധനം കൊണ്ടു വന്നപ്പോൾ പുനരധിവാസത്തിനായി പ്രഖ്യാപിച്ച 20 കോടിരൂപയും ക്ഷേമപദ്ധതി നടപ്പാക്കാൻ സർക്കാർ വിഹിതമായി നൽകണം. വിതരണം ചെയ്യാത്ത സമ്മാന തുകയുടെ ഒരു വിഹിതമെങ്കിലും ക്ഷേമ പദ്ധതിക്ക് നൽകണം. സംസ്ഥാന ഭാഗ്യക്കുറിയിൽനിന്ന് പ്രതിവർഷം 150 മുതൽ 200 കോടി രൂപ വരെ ആദായം ലഭിക്കുന്നുണ്ട്. 2004-2005-ൽ മാത്രം 32 കോടി രൂപയായിരുന്നു ആദായം. അതുകൊണ്ട് മുഴുവൻ ലോട്ടറി തൊഴിലാളികളേയും ക്ഷേമ പദ്ധതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ക്ഷേമ ആനുകൂല്യം നടപ്പാക്കൻ കഴിയണം. 2003 ജൂവായിൽ പുതിയ ഏജൻസിക്കുള്ള രജിസ്ട്രേഷൻ ഫീസ് ഉയർത്തുകയുണ്ടായി. നിലവിലുള്ള 10 രൂപയിൽനിന്നും 100 രൂപയായും 25 രൂപയിൽനിന്നും 400 രൂപയായും ആണ് വർദ്ധിപ്പിച്ചത്. അത് 16 ഇരട്ടിയുടെ വർദ്ധനവാണ്. അത് കുറയ്ക്കുക തന്നെ വേണം. സ്ലാബ് സമ്പ്രദായത്തിലൂടെ കൂടുതൽ ടിക്കറ്റ് എടുക്കുന്നവർക്ക് കൂടുതൽ കമ്മീഷൻ നൽകുന്ന സമീപനമാണ് ഇപ്പോൾ ഉള്ളത്. അതുകൊണ്ടാണ് മൂന്നുനാല് പേർ മാത്രം ഈ മംഗത്ത് കുത്തകകളായി മാറിയത്. 100 ടിക്കറ്റിനു വരെ 25 ശതമാനം കമ്മീഷൻ എന്നതാണ് ഇപ്പോഴത്തെ വ്യവസ്ഥ. അത് വന്നു കഴിഞ്ഞാൽ എല്ലാം കൂടിയ നിരക്കിൽ പോവുകയാണ്. അതുകൊണ്ട് ഞാൻ ഒരു സജഷൻ വയ്ക്കുകയാണ്. 100 ടിക്കറ്റിനു മുകളിൽ 20,000 ടിക്കറ്റുവരെ വാങ്ങുന്ന ചെറുകിട ഏജന്റുമാർക്ക് 27½ ശതമാനം കമ്മീഷൻ കിട്ടത്തക്ക നിലയിൽ, ചെറുകിട ഏജന്റുമാർക്കുകൂടി ആനുകൂല്യം കിട്ടത്തക്ക വിധത്തിൽ സ്ലാബിൽ മാറ്റം വരുത്തണം. ടിക്കറ്റ് ഇപ്പോൾ ജില്ലാ ട്രഷറിയിൽ മാത്രമേ കിട്ടുകയുള്ളൂ. മറ്റു മേഖലയിൽ നിന്നുകൂടി ടിക്കറ്റ് വിതരണം ചെയ്യണം. ബൂട്ടാൻ ലോട്ടറി ഇപ്പോൾ ആഴ്ചയിൽ എല്ലാ ദിവസവും ഉണ്ട്. അതുകൊണ്ട് കേരള ലോട്ടറി ഞായറാഴ്ച ഒഴികെ എല്ലാ ദിവസങ്ങളിലും ഉണ്ടാവത്തക്ക നിലയിലുള്ള ഒരു സംവിധാനം ഉണ്ടാവണം. 10 ടിക്കറ്റിന് രണ്ട് സമ്മാനമെങ്കിലും ഉറപ്പു വരുത്താൻ കഴിയണം. ബംബർ ലോട്ടറിയുടെ എണ്ണം വർദ്ധിപ്പിക്കണം. നേരത്തെ വിവിധ ജില്ലകളിൽ നറുക്കെടുപ്പ് നടത്തുന്ന രീതിയായിരുന്നു. അത് സുതാര്യമാക്കി നറുക്കെടുപ്പ് നടത്താൻ കഴിയത്തക്ക രീതിയിൽ മുൻകാലങ്ങളിലെ രീതി നടപ്പാക്കണം. കൈരളി ടിക്കറ്റിന്റെ നിരക്ക് വർദ്ധിപ്പിച്ചിരിക്കുകയാണ്. അത് 5 രൂപ എന്നുള്ളത് 10 രൂപയാക്കി. സർക്കാരിനു പോലും നഷ്ടം വന്നിരിക്കുകയാണ്. ഒന്നുകിൽ കൈരളിയുടെ വില കുറയ്ക്കുക, അല്ലെങ്കിൽ പുതുതായി 5 രൂപ നിരക്കിൽ ആകർഷകമായ വിധത്തിൽ വരിക. ഇത്തരത്തിൽ നമ്മുടെ സമൂഹത്തിൽ ഏറ്റവുമധികം ദുരിതം അനുഭവിക്കുന്ന നമ്മുടെ ലോട്ടറിത്തൊഴിലാളികളെ സഹായിക്കാൻ സർക്കാരിന് അധിക ബാധ്യതയില്ലാത്ത നിർദ്ദേശങ്ങളാണ് ഇപ്പോൾ വന്നിട്ടുള്ളത്. ലോട്ടറി മേഖലയിലെ ലോട്ടറി ഏജന്റ്സ് ആന്റ് സെല്ലേഴ്സ് യൂണിയൻ, സി.ഐ.ടി.യു. ഇത് സംബന്ധിച്ച് ഒരു അവകാശ പത്രിക സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് പരിഹാര നടപടി ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, അദ്ദേഹം ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾക്കെല്ലാം മറുപടി പറയണമെന്നുണ്ടെങ്കിൽ 15 മിനിട്ട് പോരാ, അതുകൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല. വളരെ അപ്രായോഗികമായ ചില കാര്യങ്ങളാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ട്രേഡ് യൂണിയൻ ഉണ്ടാക്കുക എന്നൊക്കെ പറയുന്നത് ഗവൺമെന്റിന്റെ ജോലിയല്ല, അതൊക്കെ വേറെ രാഷ്ട്രീയ പാർട്ടികൾ ചെയ്തുകൊള്ളും. അതൊന്നും ഗവൺമെന്റിന് ഏറ്റെടുക്കാൻ പറ്റില്ല. കൈരളി ലോട്ടറി ടിക്കറ്റിന് 10 രൂപ ആക്കിയിട്ടുപോലും കഴിഞ്ഞതവണ ഉണ്ടായിരുന്നതിനേക്കാൾ ഇരട്ടി വിൽപ്പനയായി. എമൗണ്ടിൽ മാത്രമല്ല, ലോട്ടറി ടിക്കറ്റ് വിറ്റതുതന്നെ 10 രൂപ ആക്കിയതിനുശേഷം ഇരട്ടിയിൽ കൂടുതൽ വിൽപ്പനയായി. അതുകൊണ്ട് അത് കുറയ്ക്കേണ്ട കാര്യമില്ല. അനുകൂലരായി എന്തെങ്കിലും പറഞ്ഞാൽ കൊള്ളാമെന്നുണ്ടായിരുന്നു. ഇപ്പോൾ അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾക്കൊന്നും ഞാൻ നോക്കിയിട്ട് തൽക്കാലം ഒന്നും ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. എങ്കിലും അതിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്ന് പരിശോധിക്കാം.

(4) സ്വാതന്ത്ര്യ സമര പെൻഷൻ പദ്ധതിയിൽ ഖാദി-ഹിന്ദി പ്രചാരകരെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. ബി. വിജയകുമാർ : സർ, സംസ്ഥാന സ്വാതന്ത്ര്യ സമര പെൻഷൻ പദ്ധതി സ്വാതന്ത്ര്യ സമര കാലത്തുള്ള ഖാദി-ഹിന്ദി പ്രചാരകർക്കുകൂടി ബാധകമാക്കിക്കൊണ്ട് 1994-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 1947 ആഗസ്റ്റ് 15-നുമുമ്പ് 3 വർഷത്തിൽ കുറയാതെയുള്ള ഖാദി-ഹിന്ദി പ്രചാരകർക്കാണ് അർഹത എന്നും 31-3-1995-നുമുമ്പ് അപേക്ഷിക്കണമെന്നും ജില്ലാ കളക്ടർ അത് പരിശോധിച്ച് പെൻഷൻ അനുവദിക്കണമെന്നും 1994-ലെ ആ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടൻ ഈ പദ്ധതി ക്യാൻസൽ ചെയ്യുകയും വീണ്ടും അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ഇത് നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി 20-10-2004-ൽ 72 പേർക്ക് പെൻഷൻ അനുവദിച്ചുകൊണ്ട് ഉത്തരവായി. എന്നാൽ തിരുവനന്തപുരം ജില്ല ഉൾപ്പെടെയുള്ള ചില ജില്ലകളിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള ജില്ലാതല കമ്മിറ്റികൾ നിലവിലില്ലാത്തതിനാൽ പല ജില്ലകളിലും പെൻഷൻ അനുവദിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ച് ബാക്കി ജില്ലകളിൽ കൂടി പെൻഷൻ അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം, ഇത് തിരുവനന്തപുരത്ത് മാത്രമല്ല, തൃശൂർ ജില്ലയെ സംബന്ധിച്ചിടത്തോളം അർഹതപ്പെട്ടവരുടെ ലിസ്റ്റ് നേരത്തേ പ്രസിദ്ധീകരിച്ചെങ്കിലും അന്നത്തെ കളക്ടർ എന്തോ ക്ലാരിഫിക്കേഷൻ എഴുതി എന്നുപറഞ്ഞ് ആർക്കും കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly